തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം

നമ്പർ: LSGD/PD/31657/2026-EW5 **തീയ്യതി: 10-10-2026**

സർക്കുലർ

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ പ്രാഥമിക പരിശോധന നടത്തി ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ – സംബന്ധിച്ച് .

ഭരണാനുമതി (Administrative Sanction), സാങ്കേതികാനുമതി (Technical Sanction), പുതുക്കിയ സാങ്കേതികാനുമതി (Revised Technical Sanction) എന്നിവയ്ക്കായി വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ കീഴ് കാര്യാലയങ്ങളിൽ നിന്നും ഈ കാര്യാലയത്തിലേക്ക് സമർപ്പിച്ചുവരുന്നുണ്ട്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന എസ്റ്റിമേറ്റുകൾ പരിശോധിക്കുന്ന സമയത്ത് ആവശ്യമായ അടിസ്ഥാന വിവരങ്ങളുടെ അഭാവം, നിർദ്ദിഷ്ട സർട്ടിഫിക്കറ്റുകളുടെ അഭാവം, അപൂർണ്ണമായ സൈറ്റ് വിവരങ്ങൾ, ആവശ്യമായ അനുമതികൾ/NOC-കളുടെ അഭാവം, ഡ്രോയിംഗുകളുടെയും ഡിസൈൻ രേഖകളുടെയും അപൂർണ്ണത തുടങ്ങിയ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ എസ്റ്റിമേറ്റുകൾ അപാകതകൾ പരിഹരിച്ച് പുനഃസമർപ്പിക്കുന്നതിനായി നിർദേശം നൽകേണ്ട സാഹചര്യം ഉണ്ടാകുകയും, ഫയലുകളുടെ പരിശോധന പൂർത്തിയാക്കുന്നതിനും യഥാസമയം അനുമതി നൽകുന്നതിനും കാലതാമസം നേരിടുകയും ചെയ്യുന്നു.

മേൽ സാഹചര്യം ഒഴിവാക്കുന്നതിനും എസ്റ്റിമേറ്റുകളുടെ സാങ്കേതിക പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ഭരണാനുമതി/സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റുകൾ ഈ കാര്യാലയത്തിലേക്ക് സമർപ്പിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട കീഴ് കാര്യാലയങ്ങളിൽ പ്രാഥമിക പരിശോധന (Initial Scrutiny) നിർബന്ധമായും നടത്തി താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

1. ഭരണാനുമതി (Administrative Sanction)

- സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ആവശ്യമായ ഭരണാനുമതി നിലവിലുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

- ഭരണാനുമതിയിലെ പ്രവൃത്തിയുടെ പേര്, സ്ഥലം, അനുവദിച്ച തുക, പ്രവൃത്തിയുടെ സ്വഭാവം എന്നിവ എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. ഭൂമിയുടെ ഉടമസ്ഥാവകാശം (Land Ownership)

- പ്രവൃത്തി നടപ്പാക്കേണ്ട ഭൂമിയുടെ ഉടമസ്ഥാവകാശം/കൈവശാവകാശം സംബന്ധിച്ച രേഖകൾ പരിശോധിക്കേണ്ടതാണ്.

- ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയാണെങ്കിൽ ഭൂമി പരിവർത്തനപ്പെടുത്തിയതിന്റെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

- സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയാണെങ്കിൽ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കേണ്ടതാണ്.

- മറ്റ് വകുപ്പുകളുടെയോ സ്ഥാപനങ്ങളുടെയോ വ്യക്തികളുടെയോ ഉടമസ്ഥതയിലുള്ള ഭൂമിയാണെങ്കിൽ ആവശ്യമായ കൈമാറ്റം/അനുമതി / NOC എന്നിവ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- ഭൂമിയുടെ വിസ്തീർണ്ണവും നിർദ്ദേശിച്ച പ്രവൃത്തിയുടെ ആവശ്യകതയും തമ്മിലുള്ള പൊരുത്തം പരിശോധിക്കേണ്ടതാണ്.

3. Building Rule Compliance Certificate

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ബാധകമായ Building Rules/ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട അധികാരിയിൽ നിന്നുള്ള Building Rule Compliance Certificate/ആവശ്യമായ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

4. വിശദമായ ഡ്രോയിംഗുകൾ (Detailed Drawings)

എസ്റ്റിമേറ്റിനോടൊപ്പം പ്രവൃത്തിയുടെ സ്വഭാവത്തിന് അനുയോജ്യമായ പരിശോധിച്ച് അംഗീകരിച്ച ഡ്രോയിംഗുകൾ സമർപ്പിക്കേണ്ടതാണ്. ആയതിൽ ആവശ്യമായ structural / detailed drawings, പ്രവൃത്തിയുടെ അളവുകളും എസ്റ്റിമേറ്റിലെ quantities-ഉം പരിശോധിക്കാൻ സഹായിക്കുന്ന മറ്റ് വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.

5. Site Plan

- പ്രവൃത്തി നടപ്പാക്കുന്ന സ്ഥലത്തിന്റെ വ്യക്തമായ Site Plan സമർപ്പിക്കേണ്ടതാണ്.

- സ്ഥലത്തിന്റെ അതിരുകൾ, സമീപ റോഡുകൾ, നിലവിലുള്ള കെട്ടിടങ്ങൾ/ഘടനകൾ, നിർദ്ദേശിക്കുന്ന പ്രവൃത്തി, access, ആവശ്യമായ setbacks തുടങ്ങിയവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

Generated from eOffice by Ratheesh R U, DB1 (EW)PD LSGD, DB1 (EW) PD LSGD, PRINCIPAL DIRCTORATE LSGD on 27/10/2026 01:21 PM

- ആവശ്യമായിടത്ത് സ്ഥലത്തിന്റെ orientation, dimensions, levels തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

6. കെട്ടിട പ്രവൃത്തികൾ (Building Works)

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുമ്പോൾ:

a. Vetted Structural Design നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

b. ആവശ്യമായിടത്ത് Soil Investigation Report സമർപ്പിക്കേണ്ടതാണ്.

c. Structural design, architectural drawings, site conditions എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. റോഡ് പ്രവൃത്തികൾ (Road Works)

റോഡ് നിർമ്മാണം/പുനരുദ്ധാരണം/വികസനം തുടങ്ങിയ പ്രവൃത്തികൾക്കായി:

a. Levels and Alignment Plan

- നിലവിലുള്ള റോഡിന്റെ alignment, chainage, existing levels എന്നിവ ഉൾപ്പെടുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.
- Proposed formation levels, longitudinal/cross sections, ആവശ്യമായ സ്ഥലങ്ങളിൽ drainage arrangements തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

b. BM & BC Road Works

Bituminous Macadam (BM), Bituminous Concrete (BC) തുടങ്ങിയ pavement works ഉൾപ്പെടുന്ന റോഡ് പ്രവൃത്തികളിൽ:

- ലഭ്യമായ/ആവശ്യമായ Traffic Data സമർപ്പിക്കേണ്ടതാണ്.
- Traffic loading അടിസ്ഥാനമാക്കി നിർദ്ദേശിക്കുന്ന pavement design-ന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
- Pavement composition, layer thickness, design parameters എന്നിവ എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

8. Feasibility and NOC

പ്രവൃത്തി നടപ്പാക്കുന്നതിന് മുമ്പ് ആവശ്യമായ Feasibility Report/Certificate ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രവൃത്തിയുടെ സ്വഭാവമനുസരിച്ച് ബന്ധപ്പെട്ട വകുപ്പുകൾ/സ്ഥാപനങ്ങളിൽ നിന്നുള്ള NOC/അനുമതികൾ ആവശ്യമായിട്ടുണ്ടെങ്കിൽ അവ

ലഭ്യമാക്കി എസ്റ്റിമേറ്റിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

മുകളിൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ച്, പൂർണ്ണമായ രേഖകളും സാങ്കേതിക വിവരങ്ങളും സഹിതമുള്ള എസ്റ്റിമേറ്റുകൾ മാത്രം അനുമതിക്കായി ഈ കാര്യാലയത്തിലേക്ക് സമർപ്പിക്കേണ്ടതാണ്.

Sandeep K G
CHIEF ENGINEER

File No. LSGD/PD/31657/2026-EW5 (Computer No. 745846)

Generated from eOffice by Ratheesh R U, DB1 (EW)PD LSGD, DB1 (EW) PD LSGD, PRINCIPAL DIRCTORATE LSGD on 27/10/2026 01:21 PM